**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട** | **25.06.2013 ൽ**

**ചോദ്യം നമ്പർ - *T- 359** | **മറുപടിക്ക്**

## ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ

**ചോദ്യം**

**ശ്രീ.സി.കെ.സദാശിവൻ**
**ശ്രീ.കെ. രാധാകൃഷ്ണൻ**
**ശ്രീമതി. കെ.എസ്.സലീഖ**
**ശ്രീ. കെ.വി. വിജയദാസ്**

**മറുപടി**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

(എ) ഫ്രണ്ട്സ് ജന സേവന കേന്ദ്രങ്ങളിൽ നിന്നുള്ള സേവനങ്ങൾ വർദ്ധിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ; കൂടുതൽ സ്ഥലങ്ങളിൽ ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കുമോ;

(എ) ഉണ്ട്. ഫ്രണ്ട്സ് ജന സേവന കേന്ദ്രങ്ങൾ സംസ്ഥാനത്തെ 14 ജില്ലകളിൽ ജില്ലാ ആസ്ഥാനങ്ങളിലാണ് ഇപ്പോൾ പ്രവർത്തിച്ചു വരുന്നത്. എൻഐസി വികസിപ്പിച്ച 'ഫ്രീസ്'സോഫ്റ്റ് വെയർ എല്ലാ അക്ഷയ കേന്ദ്രങ്ങളിലും വിന്യസിച്ചതോടെ, ഇപ്പോൾ ഫ്രണ്ട്സിൽ കൂടി ലഭ്യമാകുന്ന എല്ലാ സേവനങ്ങളും മറ്റു നഗരങ്ങളിലും ഗ്രാമപ്രദേശങ്ങളിലും ലഭ്യമാണ്.

ഫ്രണ്ട്സ് ജന സേവന കേന്ദ്രങ്ങളിലൂടെ കൂടുതൽ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നുണ്ട്. തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലെ ഫ്രണ്ട്സ് കേന്ദ്രങ്ങളിൽ പോലീസിന്റെ പരാതി പരിഹാര സെൽ പുതിയതായി ആരംഭിച്ചു. മറ്റു ജില്ലകളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ജനസേവന കേന്ദ്രങ്ങൾ സ്വകാര്യവൽക്കരിക്കാൻ ഉദ്ദേശ്യമുണ്ടോ: നിലവിലുള്ള കേന്ദ്രങ്ങളിൽ നിന്ന് ജീവനക്കാരെ പിൻവലിച്ചു കൊണ്ടിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

(ബി) ഇല്ല ; ഫ്രണ്ട്സ് കേന്ദ്രങ്ങൾ വഴി സേവനം നൽകുന്ന വകുപ്പുകളുടെ /സ്ഥാപനങ്ങളുടെ ജിവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റിലാണ് ഫ്രണ്ട്സ് ജന സേവന കേന്ദ്രങ്ങളിൽ നിയമിച്ചുവരുന്നത്. വർക്കിംഗ് അറേഞ്ച്മെന്റ് കാലാവധി തീരുന്ന മുറയ്ക്ക് ജിവനക്കാരെ തിരിച്ചു വിളിക്കുകയും പകരം ജിവനക്കാരെ നിയമിക്കുകയുമാണ് ചെയ്യാറുള്ളത്.

സെക്ഷൻ ഓഫീസർ.